**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2549** **17-03-2022 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ; | (എ) | തഴവ വില്ലേജിലെ റീ സർവ്വേ നം.200/4-ലെ 39.56 ആർ ഭൂമി കരുനാഗപ്പള്ളി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിനായി ജുഡീഷ്യറിക്കു കൈമാറുന്നതിലേയ്ക്കായി 27.10.2017-ൽ ഹൈക്കോടതി രജിസ്ട്രാർ സർക്കാരിൽ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിനേതുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 06.07.2018-ലെ സ.ഉ(സാധാ)നം.55/2018/ത.സ്വ.ഭ.വ പ്രകാരം മേൽ പറഞ്ഞ ഭൂമിയുടെ അവകാശം റവന്യൂ വകുപ്പിന് കൈമാറുകയുണ്ടായി. പ്രസ്തുത ഭൂമി ജുഡീഷ്യറിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവെ, IHRD യുടെ കൈവശമുള്ള കരുനാഗപ്പള്ളി വില്ലേജിലെ ബ്ലോക്ക് നം.10 ലെ റീ സർവ്വേ നം.584/4 ൽ 59.45 ആർ ഭൂമി കരുനാഗപ്പള്ളി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിനും ജുഡീഷ്യൽ ഓഫീസ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണത്തിനുവേണ്ടി പരിഗണിക്കണമെന്നും പ്രസ്തുത ഭൂമി ജുഡീഷ്യറി വകുപ്പിന് കൈമാറണമെന്നുള്ള ഹൈക്കോടതി രജിസ്ട്രാറുടെ പുതിയ പ്രൊപ്പോസൽ ലഭിച്ചു. IHRD യുടെ കീഴിലുള്ള ഭൂമി കൈമാറുന്നതിൽ താമസം നേരിടുന്നതിനാൽ തഴവ ഗ്രാമ പഞ്ചായത്തിലെ 39.56 ആർ ഭൂമിയിലെ റീ.സർവ്വെ നം.200/4-ലെ ഭൂമി അനുവദിക്കണമെന്ന മുൻ പ്രപ്പോസൽ വീണ്ടും പരിഗണിക്കണമെന്ന് വീണ്ടും ഹൈക്കോടതി രജിസ്ട്രാർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ എങ്കിൽ എവിടെയാണ് എന്ന് വിശദാംശം നൽകാമോ; ഇല്ലായെങ്കിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി വിശദമാക്കാമോ? | (ബി) | എ-യിലെ ഉത്തരത്തിനു സമാനം |

സെക്ഷൻ ഓഫീസർ